LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി

95(2133) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബർ സഹകരണ സംഘങ്ങൾക്ക് അടിയന്തര വായ്പാ സഹായം നൽകുമോ എന്നറിയിക്കുമോ;

(സി) റബ്ബർ സഹകരണ സംഘങ്ങളുടെ വായ്പയും അവയുടെ തിരിച്ചടവിനും പലിശയും സാവകാശവും ഇളവും പ്രഖ്യാപിക്കുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ-സി) റബ്ബർ സൊസൈറ്റികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേക സഹായം നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

കേപ്പിലെ വായ്പ തിരിച്ചടവ്

96(2134) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഓവർഡ്രാഫ്റ്റ് ഇനത്തിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷന് അനുവദിച്ച വായ്പ തിരിച്ചടയ്ക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതാ വിമുക്തമാക്കാൻ പ്രസ്തുത ബാങ്കിന്റെ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) വായ്പാതുക തിരിച്ചടക്കുന്നതിൽ നിന്നും കേപ്പിനെ ബാധ്യതമുക്തമാക്കി കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കേപ്പിനെ ബാധ്യതമുക്തമാക്കുന്നതിനുവേണ്ടി കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയും സഹകരണ സംഘം രജിസ്ട്രാറും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും കേപ്പിന് അനുവദിച്ച വായ്പയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇല്ല. എന്നാൽ 17-12-2013-ലെ സ.ഉ. (കൈ) നം. 288/2013/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം നിലവിലുള്ള ആസ്തികളും ബാധ്യതകളും സഹിതമാണ് കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തത്.

(സി) 5-3-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നൽകാനുള്ള തുകയെ സംബന്ധിച്ച് ബാങ്ക് അധികാരികളുമായി സർക്കാർ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരുമാനം 26-3-2015-ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 149-ാമത് യോഗം അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് 16-7-2015-ൽ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, കേപ്പ് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗത്തിൽ 30-6-2014-ൽ കേപ്പ് അടച്ചുതീർക്കേണ്ട തുകയായ 74,86,10,025 രൂപ മുതലായി കണക്കാക്കാനും അന്നുമുതൽ നബാർഡ് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം പലിശ കണക്കാക്കാനും അത് പ്രകാരമുള്ള തുക ഒക്ടോബർ 2015 മുതൽ മൂന്ന് തുല്യ മാസഗഡുക്കളായി നൽകാനും തീരുമാനമായി. എന്നാൽ ഇതിനുള്ള തുക 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താതിരുന്നതുകൊണ്ട് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി

97(2135) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?